പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6257

03.04.2018 ലെ മറുപടിയ്ക്ക്

## വാത്സല്യനിധി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ | | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | 'വാത്സല്യനിധി' പദ്ധതിയിൽ നാളിതുവരെ ഇടുക്കി നിയോജക മണ്ഡലത്തിൽ നിന്ന് എത്ര കുഞ്ഞുങ്ങളെ അംഗങ്ങളാക്കി ചേർത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 6 കുഞ്ഞുങ്ങളെ ടി പദ്ധതിയിൽ ഇടുക്കി നിയോജക മണ്ഡലത്തിൽ നിന്ന് അംഗങ്ങളാക്കി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രയോജനം 01.04.2017-ന് ശേഷം ജനിച്ചിട്ടുള്ള എല്ലാ പട്ടികജാതി വിഭാഗത്തിലുമുള്ള കുഞ്ഞുങ്ങൾക്കും ലഭിക്കാൻ ഉതകുന്ന വിധത്തിൽ പദ്ധതിയെ സംബന്ധിച്ചിട്ടുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രൊമോട്ടർമാർ മുഖേന ബന്ധപ്പെട്ട പഞ്ചായത്തുകളിൽ അധിവസിക്കുന്ന പട്ടികജാതി വിഭാഗക്കാർക്കിടയിൽ പദ്ധതി സംബന്ധിച്ച അവബോധം നൽകിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയുടെ പ്രയോജനം 01.04.2017-ന് ശേഷം ജനിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഇടുക്കി നിയോജക മണ്ഡലത്തിലെ എല്ലാ കുഞ്ഞുങ്ങൾക്കും ലഭ്യമാക്കാൻ കുട്ടികളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇല്ല. 01.04.2017-ന് ശേഷം ജനിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട എല്ലാ കുട്ടികളുടെയും വിവരം ശേഖരിച്ച് 'വാത്സല്യനിധി' പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ